# കോഴിക്കോട് നഗരസഭ

## കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പൊതു ശ്മശാനങ്ങൾക്കുള്ള ബൈലോ

1) ചുരുക്കപ്പേര്:- ഈ ബൈലോ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ പൊതു ശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുകയും മറവ് ചെയ്യുകയും ചെയ്യുന്നത് സംബന്ധിച്ച ബൈലോ 2018 എന്ന പേരിൽ അറിയപ്പെടും.

2) ആരംഭം:- ഈ ബൈലോ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സ്ഥിരീകരണം നൽകുന്ന മുറക്ക് നടപ്പിൽ വരുത്തുന്നതാണ്.

3) വ്യാപ്തി:- ഇതിന്റെ വ്യാപ്തി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിലുള്ള പൊതു ശ്മശാനങ്ങളായി എല്ലാ ശ്മശാനങ്ങൾക്കും/ ശവപ്പറമ്പിനും ബാധകമായിരിക്കും.

4) നിർവ്വചനങ്ങൾ:- ഈ ബൈലോ സന്ദർഭത്തിനോ വിഷയത്തിനോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം

എ) ആക്ട് - എന്നാൽ 1994-ലെ കേരള മുനിസിപ്പൽ ആക്ട് (1994-ലെ 20-ാം ആക്ട്) എന്നർത്ഥമാകുന്നു.

ബി) മേയർ എന്നാൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയർ എന്നർത്ഥമാകുന്നു.

സി) കൗൺസിൽ എന്നാൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ എന്നർത്ഥമാകുന്നു.

ഡി) സെക്രട്ടറി എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 48-ാം വകുപ്പ് അനുസരിച്ച് നിയമിക്കപ്പെടുന്ന സെക്രട്ടറി ആയിരിക്കുന്നതാണ്.

ഇ) ശവക്കുഴി എന്നാൽ തറനിരപ്പിനു താഴെയായി ഭൂമിയിൽ ഉണ്ടാക്കിയ ശവം മറവുചെയ്യുന്നതിനായി ഉദ്ദേശിച്ച് നിർമ്മിക്കുന്ന കുഴി എന്നർത്ഥമാകുന്നു.

എഫ്)ശവക്കല്ലറ എന്നാൽ മൃതദേഹം മറവു ചെയ്യുന്നതിനു ഉറപ്പുള്ള വസ്തുക്കൾ കൊണ്ട് ഉണ്ടാക്കിയതും, കാറ്റും വെളിച്ചവും കടക്കാത്തതുമായ അറയെന്നർത്ഥമാകുന്നു.

5) മൃതദേഹങ്ങൾ സംസ്ക്കരിക്കുന്നതിനായി മുനിസിപ്പൽ കൗൺസിലിന് വൈദ്യുതി/എൽ.പി.ജി. ശ്മശാനം ഏർപ്പെടുത്താവുന്നതും, മൃതദേഹം സംസ്ക്കരിക്കുന്നതിന് 2500/- രൂപയും പരമ്പരാഗത രീതിയിൽ കോർപ്പറേഷൻ പരിധിയിലുള്ള ശ്മശാനങ്ങളിൽ മൃതദേഹം ദഹിപ്പിക്കുന്നതിന് 1500/- രൂപയും ശവക്കുഴിയിൽ മൃതദേഹം അടക്കം ചെയ്യുന്നതിന് 1500/- രൂപയും എന്നാൽ അഗതികളുടെയും മറ്റ് വിശിഷ്ട വ്യക്തികളുടെയും മൃതദേഹം സംസ്ക്കരിക്കുന്നതിന് ഫീസ് ഇളവ് നൽകുന്നത് സംബന്ധിച്ച ഉചിതമായ തീരുമാനമെടുക്കാൻ കൗൺസിലിന് അധികാരമുണ്ടായിരിക്കും.

6) വൈദ്യുതി/എൽ.പി.ജി. ശ്മശാനം ഏർപ്പെടുത്തിയാൽ ചിതാഭസ്മം ശേഖരിക്കുന്നതിനും പരേതന്റെ/പരേതയുടെ ബന്ധുക്കൾക്ക് അവ സൂക്ഷിച്ചുവെച്ച് നിശ്ചിത ദിവസ പരിധിക്കകം കൈമാറുന്നതിനും സംവിധാനം ഏർപ്പെടുത്താവുന്നതാണ്.7 ദിവസത്തിനകം ചിതാഭസ്മം



Scanned by CamScanner